LIBRARY ARCHIVES Kerala Legislative Assembly

മന്ത്രിമന്ദിരങ്ങളിൽ ഒഴിവുള്ള ഫുൾടൈം സ്വീപ്പർ തസ്തികകൾ

13 [1791] ശ്രീ. പി. നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പിന്റെ കീഴിലുള്ള മന്ത്രിമന്ദിരങ്ങളിൽ ഒഴിവുള്ള 37 ഫുൾടൈം സ്വീപ്പർ തസ്തികകളിൽ ദിവസക്കൂലിക്കാർ ജോലി ചെയ്യുന്നുണ്ടെന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ ജീവനക്കാരെ പിരിച്ചുവിട്ട് സ്ഥിരനിയമനം നടത്തുന്നതിന് നടപടികൾ കൈക്കൊള്ളുമോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) തങ്ങൾക്ക് ദീർഘകാലത്തെ പരിചയവും തങ്ങളോട് വിശ്വസ്തതയും പുലർത്തുന്നവരുമായ ആളുകളെ മാത്രം തങ്ങൾ താമസിക്കുന്ന മന്ദിരങ്ങളിൽ ജോലിക്ക് നിയമിക്കാനാണ് മന്ത്രിമാർ, പ്രതിപക്ഷനേതാവ് എന്നിവർ താൽപ്പര്യപ്പെടുന്നത്. പി.എസ്.സി. വഴിയോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയോ മന്ത്രിമാർക്ക് പരിചയവും വിശ്വാസവുമുള്ള സ്വീപ്പർമാരെ ലഭിക്കാൻ സാധ്യതയില്ലാത്ത സാഹചര്യത്തിലാണ്, ഈ മന്ത്രിസഭയുടെ കാലാവധി തീരുന്നതുവരെ മന്ത്രിമന്ദിരങ്ങളിൽ തുപ്പുകാരായി മന്ത്രിമാർക്കു വിശ്വസ്തരായ ആളുകളെ ദിവസക്കൂലിയടിസ്ഥാനത്തിൽ നിയമിക്കാൻ അനുമതി നൽകിയിട്ടുള്ളത്. ഇങ്ങനെ നിയമിക്കപ്പെടുന്നവർക്ക് ദിവസക്കൂലി അല്ലാതെ മറ്റു ആനുകൂല്യങ്ങൾക്കൊന്നിനും തന്നെ അർഹതയില്ല. മുൻകാലങ്ങളിലും ഈ പതിവു തന്നെയാണ് തുടർന്നുവന്നിരുന്നത്. ഈ സാഹചര്യത്തിൽ മന്ത്രിമന്ദിരങ്ങളിൽ ഇപ്പോൾ ദിവസക്കൂലിയടിസ്ഥാനത്തിൽ ജോലി നോക്കിവരുന്ന സ്വീപ്പർമാരെ പിരിച്ചുവിട്ട് സ്ഥിരനിയമനം നടത്തുക സാധ്യമല്ല.

ടൂറിസ്റ്റ് മേഖലയിൽ നിന്നുള്ള വരുമാനം

14 [1792] ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:
ശ്രീ. സ്റ്റീഫൻ ജോർജ്:
" ജോസഫ് എം. പുതുശ്ശേരി:
" തോമസ് ഉണ്ണിയാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാർ ഹോട്ടലുകൾക്ക് ഉയർന്ന ലൈസൻസ് ഫീസ് ഈടാക്കാനുള്ള സർക്കാർ നീക്കം ടൂറിസം മേഖലയിൽ തിരിച്ചടിയാകുമെന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;